

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION
PRESENTS
little KITEs
ഇതളുകൾ
ജി.എച്ച്.എസ്.എസ്.കല്ലിൽ

## താളുകളിലൂടെ

അതിജീവനത്തിന്റെ ചിന്ത.....5
മഴ പെയ്യുമ്പോൾ.....8
പ്രളയം ഒരു വിനയം.....12
പെയ്തൊഴിയാതെ.....15
ബാല്യകാലസ്മരണകൾ.....*19*
നാടൻ കലകൾ.....21
ചാൾസ് ബാബേജ്.....24
ഊർജസംരക്ഷണത്തിന്റെ പ്രാധാന്യം.....25
ഒരു അച്ഛൻ അദ്ധ്യാപകന് അയച്ച കത്ത്.....29
പ്രത്യേക ദിനങ്ങൾ.....31
GOOGLE.....34
NETFLIX.....36
ഓർമ്മച്ചെപ്പ്.....37




പ്രളയത്തിന്റെ ദുരിതക്കയങ്ങളിൽനിന്നും അതിജീവനത്തിന്റെ പാതയിൽ ആണെങ്കിലും വിവര സാങ്കേതിക വിദ്യയിലൂടെ സർഗ്ഗാത്മകമായ കഴിവുകൾ സൃഷ്ടിക്കാൻ ഈ ഡിജിറ്റൽ മാഗസീനിലൂടെ കുട്ടികൾക്ക് സാധിക്കുന്നു എന്നത് പ്രതീക്ഷഭരിതമായ വസ്തുതയാണ്. ഈ ഉദ്യമത്തിന് മുൻകൈ എടുത്ത എല്ലാ ലിറ്റിൽ കൈറ്റ് കൂട്ടുകാർക്കുംഎന്റെ ഹൃദയം നിറഞ്ഞ ആശംസകൾ നേരുന്നു.

സ്നേഹത്തോടെ

സതീശ് കുമാർ ആർ

ഹെഡ്മാസ്റ്റർ

ജി.എച്ച്.എസ്.എസ്.കല്ലിൽ

# ലിറ്റിൽ കൈറ്റ്സ് കുടുംബം



# അതിജീവനത്തിന്റെ ചിന്ത



ADHITYAN

മഴ അങ്ങനെ നിർത്താതെ പെയ്യതുകൊണ്ടിരുന്നു . ഈ മഴയ്ക്ക് അന്ത്യമില്ലേ ?...

അതോ ഞങ്ങളുടെയെല്ലാം അന്ത്യത്തോടെയാണോ ഇത് തീരുക ?

ഗൗരിയമ്മയ്ക്ക് ഒരു ആശങ്ക.

മനസ്സിനൊരു വല്ലാത്ത സംഘർഷം. അമേരിക്കയിൽനിന്നും അന്യനാട്ടുകളിൽ നിന്നും ബന്ധുക്കൾ ഒരുപാടായി

വിളിക്കുന്നു. തനിക്ക് കുഴപ്പമില്ല എന്ന് ഓരോരുത്തരോടും ഒരുപാട് തവണ

പറഞ്ഞു.മക്കളെല്ലാം വിദേശത്ത് .

ഇവിടെ വലിയ ഒരു തറവാടും അമ്മയും ജോലിക്കാരും മാത്രം. യാതൊരുവിധത്തിലുള്ള ശല്യം ആർക്കുമുണ്ടാക്കാതെ മുഴുവൻ സീരിയലിന്റെ മുന്നിൽ നിന്നുമാറാത്ത അമ്മയ്ക്ക് മഴ പെയ്ത് തുടർച്ചയായി

മൂന്നാം ദിവസം മുതൽ ആധിയാണ് .ടി.വി.യിൽ ഓരോ ദിവസവും ഒരുപാട് പേർ മരിക്കുമ്പോഴും ഒരുപാടാളുകൾക്ക് പരിക്കേറ്റിട്ടും ഒരുപാട് സ്ഥാപന്കൾ ഒഴുക്കിൽ നഷ്ടമായതും കാണുമ്പോൾ

അമ്മ ഓർക്കുന്നു. ഒരു മനുഷ്യജന്മം മുഴുവൻ നെയ്യെടുത്ത കഷ്ട്ടപ്പാട്

നശിക്കുന്നത് ഒരു നിമിഷംകൊണ്ട്.എത്രയെത്ര കഷ്ടപ്പാടുകൾ ആളുകൾ

സഹിക്കുന്നു.പെട്ടെന്ന് ഫോണടിച്ചു .എടുത്തു .ഹലോ,അമ്മ ചോദിച്ചു .

ഹലോ വല്യമ്മേ ഉണ്ണിയാണ്.ഉണ്ണിയോ?ഗൗരിയമ്മ പകച്ചുനിന്നു. ഉണ്ണി എന്ന പേരുകേട്ടപ്പോൾ അവർ

പത്ത് വർഷം പുറകോട്ടുപോയി.തന്റെ സഹോദരി അമ്മാളുവിന്റെ മോൻ പ്രണയവിവാഹവും അതിന് അനുസ്റിതമായി നടന്ന കലഹവും കാരണം

ദൂരെനാട്ടിലേയ്ക്ക് താമസം മാറിയ അമ്മാളുവും ഭർത്താവ് ശന്കരനും.

അവരുടെ മകനായ ഉണ്ണി. ആദ്യത്തെ കുറച്ച് വർഷങ്ങൾ അവർ തങ്ങളെ

കാണാൻ വരാറുണ്ടായിരുന്നു .പിന്നീട് ആ വരവുപോക്ക് നിന്നു .ഞങ്ങൾ

തമ്മിലുള്ള ബന്ധം വിഛേദിക്കപ്പെട്ടതുപോലെ.പിന്നീട് ഇപ്പോഴാണ് ഒരു വിളി. വരണ്ടു പോയ ഒരാശ്വാസം

ഒരനുഭൂതി പെട്ടെന്ന് അമ്മയുടെ ഹ്രിദയത്തിൽ .

വല്ല്യമ്മേ,വല്യമ്മേ,കേൾക്കാമോ ഹലോ ഉണ്ണി തുടർന്നു .

ഉണ്ണീ മകനേ നീ അവസാനം വിളിച്ചു അല്ലേ,അമ്മ പറഞ്ഞു .

വിളിക്കണം എന്ന് വിചാരിച്ചതായിരുന്നു , നമ്പർ കണ്ടുപിടിയ്ക്കാൻ ഒരുപാട് ബുദ്ധിമുട്ടി അമ്മ വെള്ളപ്പാച്ചിലിൽ പെട്ട് അപകടത്തിലായിരുന്നു

രണ്ടുനിലവീടിന്റെ രണ്ടാം നിലയിൽ വരെ വള്ളമെത്തി .താൽകാലികമായി ആളുകളെ മാറ്റുന്നു.ഞങ്ങളിപ്പോൾ ക്യാമ്പിലാണ് .സംഭാഷണം

തുടർന്നു.അമ്മയുടെ ആരോഗത്തെപ്പറ്റിയും മറ്റും സംസാരം നീണ്ടു അവസാനം പത്തു വർഷത്തെ വിശേഷങ്ങൾ ഒന്നിച്ച് പറഞ്ഞുതീർത്ത സന്തോഷത്തോടെ രണ്ടുപേരും ഫോൺ വച്ചു.

ഗൗരിയമ്മയുടെ മനസ്സിൽ സന്തോഷം .മനസ്സുകൊണ്ടാഗ്രഹിച്ചിരുന്നു. ഒരു വാക്കു കേൾക്കാൻ. ദൈവം പ്രാർഥനകേട്ടു മനുഷ്യരുടെ രക്തത്തിന്റെയും പരസ്പര സ്നേഹ്തിന്റെയും മഹിമ അവർക്കുമനസ്സിലായി.രക്തബന്ധങ്ങൾ തമ്മിലുള്ളശക്തി അത് എത്ര ദൈവീകമാണ്.അത് മനുഷ്യനെ രക്ഷിക്കും.ജാതിയും മതവും നോക്കാതെ

കേരളംമുഴുവൻ ഒറ്റക്കെട്ടായിനിന്ന് പൊരുതുന്നത് അവർ ടീ.വി.യിലൂടെ കാണുന്നുണ്ടായിരുന്നു .ഇത്രയും നാൾ മനുഷ്യമനസ്സാക്ഷിയെ ഞെട്ടിച്ച സംഭവങ്ങൾഅരങ്ങേറിയ കേരളസമൂഹം ഇന്ന് മനഷ്യസമൂഹത്തിന് മാത്രികയാകുന്നു.ഈ പ്രളയം ഒരുപാട് നാശനഷ്ട്ടങ്ങൾ തരുക മാത്രമല്ല ചെയ്യ്തത്.മനുഷ്യജീവിതത്തിന് ഒരു സന്ദേഷം നൽകിയിരിക്കുന്നു.അമ്മയുടെ മനസ്സ് തെളിഞ്ഞു.അത്രയും നേരം മനസ്സിനെ അസ്വസ്ഥതമാക്കിയ ചിന്ത, അത് പെട്ടെന്ന് മാഞ്ഞു.ദുരിതമനുഭവിച്ച മനുഷ്യ ർക്ക്

സഹായമെത്തിക്കുകയാണ് വേണ്ടത് . സഹായിക്കാനായി നമുക്കും ഇറങ്ങാം.
മുഖ്യമന്ത്രിയുടെ ദുരുതാശ്വാസ പ്രവർത്തന ഫണ്ടിലേക്ക് സംഭാവന നൽകുകയും പ്രവർത്തനങ്ങൾ നടത്തുകയുമാണ് അതിനുള്ള വഴികൾ.മനസ്സിലേക്ക് പുതിയ ഉണർവ്വേകുന്ന ചിന്തകൾ കടന്നുവരുന്നു.ഉണർന്നു പ്രവർത്തിക്കാൻ അമ്മയുടെ മാതൃിത്വംനിറഞ്ഞമനസ്സ തുടിയ്ക്കുന്നു.അമ്മ തന്റെ ബന്ധുക്കളെയെല്ലാം വിളിച്ച്

സഹായത്തിനുള്ള വഴികളും ദുരിതാശ്വാസ സാമഗ്രികളും വീട്ടിലേയ്ക്ക് എത്തിക്കാക്കാൻ പറഞ്ഞു.എന്നിട്ട് തന്റെ വീട് തുറന്നു കൊടുത്തു.നിലാരമ്പരായ മനുഷ്യർക്ക് നിസ്സഹായരായ പാൻചുകുഞ്ഞുങ്ങൾക്ക് ദുരുതമനുഭവിക്കുന്നതിൽ നിന്ന് അവരെ രക്ഷിക്കാൻ ഒരു സന്നദ്ധ സേവന പ്രവർത്തകയായി അമ്മ പ്രവർത്തിച്ചു.
അപകടത്തിൽപ്പെട്ടവരുടെ മുറിവുകൾ വച്ചു കെട്ടി,മരുന്നുകൾ കൊടുത്തു,മുറിവുകൾ വൃിത്തിയാക്കിക്കൊടുത്തു.അമ്മെ സഹായിക്കുന്നതിനായി വിവിധ സംഘടനകൾ എത്തി. അമ്മ ഒരു പ്രതിനിധിയി.സ്നേഹത്തിന്റെ മഹാമനസ്കതയുടെ പ്രതീകം.പ്രളയമടങ്ങി.സംസ്ഥാനസർക്കാരുടെ പ്രത്ത്യേക അഭിനന്ദനങ്ങൾ വന്നപ്പോൾ കഠിനാധ്വാനികളും മഹാമനസ്കരുമായ മത്സ്യത്തൊഴിലാളികൾ ,രണ്ട് ഗൗരിയമ്മ.ഒരു തറവാടിന്റെ ഒരു മൂലയിൽ ഒതുങ്ങിക്കൂടിയ അമ്മ ഒറ്റദിവസം കൊണ്ട് പ്രശസ്തയായതിനെ പറ്റി ഒരിക്കൽ ഒരു മാദ്യമപ്രവർത്തകൻ അമ്മയോട് ചോദിച്ചു.
അമ്മ പറഞ്ഞു. ഞാൻ എന്റെ കർമ്മംചെയ്തു. മനുഷ്വത്വം മനസ്സിൽവയ്ക്കാതെ പുറത്തുകാണിച്ചു.രക്തബന്ധത്തിന്റെ മഹിമ മനസ്സിലാക്കി പ്രവർത്തിച്ചു.അതെ പ്രളയംപഠിപ്പിച്ച പാഠം . രക്തബന്ധം അതിലും വലിയ ബന്ധമില്ല എല്ലാമനുഷ്യരും ഒന്നാണ് .
മനുഷ്യജനതയുടെ കൂട്ടായ്മയാണ് സമൂഹത്തിന്റെ മുന്നേറ്റം.അമ്മ പറഞ്ഞു

നിർത്തി. അതൊരു മഴ ദിവസമായിരുന്നു. നിർത്താതെ
പെയ്തുകൊണ്ടിരിക്കുന്ന ഒരു മഴ.
പക്ഷേ ഇന്നിത് സന്തോഷത്തിന്റെ മഴയാണെന്നു മാത്രം.

# മഴ പെയ്യുമ്പോൾ



ആദിത്യ ബിജു

അന്ന് ശക്തമായ മഴയും ഇടിമിന്നലുമുണ്ടായിരുന്നു.അമ്മു വീട്ടിൽ തനിച്ചാണ്.അമ്മയും അച്ഛനും ജോലികഴിഞ്ഞ് എത്തിയിട്ടില്ല.അമ്മുവിനെ ഭയം ഓരോ നിമിഷവും പൊതിഞ്ഞുമൂടി.വീട്ടിൽ ബൾബ് പൊട്ടുന്നതിൻെറ ശബ്ദവും ഇടിമിന്നലും കൂടിയായപ്പോൾ ഭയമെന്ന വികാരം അവളുടെ മനസ്സിനെ ആകെ വിഷമിപ്പിച്ചു.

ദാരിദ്ര്യം നിറഞ്ഞ ഒരു കുടുംബത്തിലെ അംഗമാണമ്മു.ദാരിദ്ര്യം ഒരു ശാപത്തപ്പോലെ ആ കുടുംബത്തിനെ പിൻതുടർന്നു. എന്നാൽ സന്തോഷത്തിൻെറ ഓരോ തരിമ്പും ആ ശാപത്തെ മുറിവേൽപ്പിച്ചു.പൊതുവിൽ ധൈര്യം കുറഞ്ഞ ചിന്തിക്കാൻ തുടങ്ങി. അയ്യോ അച്ഛനും അമ്മയും ഇതുവരെ എത്തിയിട്ടില്ലല്ലോ..

അമ്മ ഇന്നലെ പറഞ്ഞത് ഈ പ്രദേശത്ത് വെള്ളപ്പൊക്കമുണ്ടാവാൻ സാധ്യത ഉണ്ടെന്നല്ലെ ? അങ്ങനെയെന്തെങ്കിലും............ അമ്മ ആ കാര്യം പറഞ്ഞപ്പോഴേ ഞാൻ പറഞ്ഞതാ ഇന്ന് ജോലിക്കുപോകണ്ട എന്ന്.ദൈവമേ.........

ഞാൻ സധീഷ്മാമൻെറ മകൾ അണുകച്ചേച്ചി *ആയിരുന്നെങ്കിൽ.പേടി* എന്ന വികാരം ചേച്ചിയെ

പേടിച്ച് മാറിപ്പോകും,ചുണക്കുട്ടി രേണു.....അങ്ങനെ
എന്തെല്ലാംവർണ്ണനകൾ ചേച്ചിയെപ്പറ്റി കേട്ടിരിക്കുന്നു.ആൺകുട്ടികൾക്ക്
ഏത് പാതിരാത്രിയിലും വീട്ടിൽ കയറി വരാം.എന്നാൽ
പെൺകുട്ടിക്കോ....പെണ്ണായി പിറന്നത് ശാപമായല്ലോ
ഈശ്വരാ.......ഈ ഭയമെന്ന പുതപ്പിനെ
കീറിമുറിക്കാൻ ഒരു നിമിഷത്തേക്ക് ഞാനൊരാൺകുട്ടിയായെങ്കിൽ..
പുറത്തെ സ്ഥിതി എന്താണോ എന്തോ. ഒരു റേഡിയോ
ഉണ്ടായിരുന്നെങ്കിൽ...... അപ്പുറത്തെ വീട്ടിലെ കുട്ടികൾടി.വി.യിലെ
പരിപാടികൾ മാറിമാറി കാണുമ്പോൾ ആഗ്രഹിച്ചത് ഒരു റേഡിയോ
മാത്രം.അതും പുറം ലോകത്തെ അറിയാൻ. ഓല മേഞ്ഞ
ചാണകംമെഴുകിയ ഒരു കുടിലാണ് അവളുടെ ലോകം.
അച്ഛനോട് പല പ്രാവശ്യം ഈ ആഗ്രഹം പറയാൻ ഒരുങ്ങിയതാ.
എന്നാൽ അപ്പോഴെല്ലാം ഓർമ്മവന്നത് ഒരു നേരത്തെ ആഹാരം
എത്തിച്ചുതരാൻ ബുദ്ധിമുട്ടുന്ന അച്ഛനേയും
അമ്മയെയുമാണ്.അതോർത്തപ്പോൾ റേഡിയോ എന്ന സ്വപ്നത്തെ
കൈയടക്കാനുള്ള ആദ്യ ചുവടുപോലും വയ്ക്കാനായില്ല.ദൈവമേ
അവരിപ്പോൾ എവിടെയാണ്?

കാലിയായ വയറും കരഞ്ഞുതളർന്ന
മുഖവുമായി അവൾ പുറത്തേക്കിറങ്ങി. വെള്ളം എത്രമാത്രം
ഉയർന്നിരിക്കുന്നു. അവൾ അടുത്ത
വീട്ടിലേക്കോടി.പട്ടാളക്കാരനായിരുന്ന അവിടുത്തെ ഔസേപ്പ്. പുറമേ
കണ്ടാൽ ക്രൂരനെന്നു തോന്നുമെങ്കിലുംഅകത്ത് ഒരു വിശാല
മനസ്സുണ്ടായിരുന്നു അയാൾക്ക്.
അമ്മു കരഞ്ഞപേക്ഷിച്ചു:"എങ്ങനെയെങ്കിലും അവരെ

കണ്ടുപിടിക്കണം.”. "നീ എന്തെങ്കിലും കഴിച്ചോ?” അയാൾ ചോദിച്ചു. “ഇല്ല" അവളുടെ കുഞ്ഞു ശരീരം വിറച്ചു. ഔസേപ്പ് ചായയും പലഹാരങ്ങളും എടുത്തു കൊടുത്തു. അമ്മു

കഴിക്കുന്നില്ലെന്നു കണ്ടപ്പോൾ അയാൾ ചോദിച്ചു:"അവർ എവിടെയാ പണിക്കുപോയത്?”. “അത്, ആ വലിയ കെട്ടിടമില്ലേ
പാലം കഴിഞ്ഞു പോകുമ്പോൾ.” . അവൾ പറഞ്ഞുതീരുംമുൻപേ ഔസേപ്പ് പറഞ്ഞു: “ഓ, ഫെയറി ബിൾഡിംഗ്, അഞ്ചുനിലയുള്ള...” "ങാ , അതു തന്നെ. അവിടുത്തെ അഞ്ചാംനില തുടയ്ക്കാനും,പിന്നെ മറ്റു ചില പണികൾക്കും.”അവൾ പറഞ്ഞു."അയ്യോ മോളറിഞ്ഞില്ലേ ആ കെട്ടിടം തകർന്നുവീണു എന്നൊക്കെ പറഞ്ഞുകേൾക്കുന്നു.” ഔസേപ്പവളെ തടയാൻ
ശ്രമിച്ചെങ്കിലും അവൾ ഒന്നും വകവച്ചില്ല.
വെള്ളം നിറഞ്ഞ വഴികളിൽ, ചെളിയും മറ്റും  അവളുടെ കാലുകളിൽ പറ്റിപ്പിടിച്ചു.
കൂർത്ത കല്ലുകൾ അവളുടെ കാലുകളിൽ കുത്തിക്കയറി. എന്നാൽ ഇതൊന്നും അവളെ പിൻതിരിപ്പിച്ചില്ല. ഓടികിതച്ചവിടെയെത്തിയ അവൾ കണ്ടത് തകർന്ന അഞ്ചുനിലക്കെട്ടിടമാണ്. അവിടെയതാ ആംബുലൻസും കോട്ടണിഞ്ഞ ഡോക്ടർമാരും.
അവിടെത്തന്നെ ചിലർ മരണപ്പെട്ട് കിടക്കുന്നു. ആംബുലൻസിന്റെ പുറകെ അവൾ ഓടി. ആശുപത്രി എത്തിയപ്പോൾഅവൾ അവിടെക്കണ്ട ഡോക്ടർമാരിൽ ഒരാളോടു ചോദിച്ചു:"ഡോക്ടർ,എന്റെ അച്ഛനമ്മയും എവിടെ?”

പാവം തോന്നിയ ഡോക്ടർ അവിടെചികിത്സയിൽകഴിയുന്നവരെക്കാണിച്ചുചോദിച്ചു:"ഇവരിലാരെങ്കിലുമാണോ നിന്റെ അച്ഛനമമ്മയും ?" " അല്ല." അവൾ ഓരോ മുഖവും കാണുമ്പോൾ പറഞ്ഞു."ചിലപ്പോൾ മരിച്ചവരിൽ

ഡോക്ടർ ഒന്നു വിഷമത്തോടെ ചോദിച്ചു.അവൾ മോർച്ചറിയിലേക്കോടി.അവരിൽ തന്റെ അച്ഛനമമ്മയും കാണരുതെ എന്നവൾ പ്രാർഥിച്ചു.എന്നാൽ അവളുടെ പ്രാർഥന ഫലം കൊണ്ടില്ല.അതാ കിടക്കുന്നു അവളുടെ അച്ഛനമമ്മയും. ലോകം അവസാനിച്ചതുപോലെ അവൾക്കുതോന്നി. അവൾ അലറിക്കരഞ്ഞു. തിരിച്ചുനടക്കുമ്പോൾ അവൾക്ക് പഴയ വേഗം ഉണ്ടായിരുന്നില്ല.

സമാപ്തം

# പ്രളയം ഒരു വിനയം[1]



കുളിരായി പെയ്യുന്ന മഴ അനുരാഗമാകുന്നു
മഴയുടെ താളത്തിൽ നൃത്തച്ചുവടുകൾ-
വക്കുന്ന മയിലുകൾ......,
എത്ര ഭംഗിയോടെ
എത്ര മനോഹാരിതയോടെ
ചരിത്രത്തിലൂടെയും കൊഞ്ചിക്കുഴയുന്ന
പദ്യത്തിലൂടെയും മഴയുടെ
ഭംഗിയെ വാഴ്ത്തിപാടുന്ന കവികൾ

ഇന്ന് മഴയുടെ ഭാവങ്ങൾ മാറിയിരിക്കുന്നു
മനുഷ്യർ ചെയ്യുന്ന പക
പ്രളയമായി മാറിമറിയുമ്പോ
മഴ പകയായി തീരുന്നു....,
പ്രളയത്തിൽ തകർന്നുപോയ
എത്രയോ ജീവിതങ്ങൾ...,



അസൂയയുടെയും,വാശിയുടെയും

1 പ്രളയത്തെ കുറിച്ചുള്ള കവിത

.

തീരങ്ങളിൽ ഇന്ന് സഹതാപത്തിൻെറകണ്ണനീർ മാത്രം..എത്രയോ
നാളുകൾ ഈ മണ്ണിൽ
കിടന്നിട്ടും...
ഭൂമിയുടെ വിശമങ്ങൾ അറിയാതെപോയതിന് കിട്ടിയ
പ്രളയസമ്മാനങ്ങൾഭൂമിയെ അറിയൂ...നമ്മൾ മനുഷ്യർ
ഒന്നൊന്നായി ചെയ്യുന്ന തെറ്റുകൾ
ഓരോന്നായി ഇന്ന് ഭൂമി തരുന്നു...,
പ്രളയം എന്ന മഹാസത്യങ്ങളായി തീരുന്നു...
എൻെറ കേരളം ഇന്ന് പേമാരിയായി
മാറുന്നു...,
അനുരാഗ ഗാനം പോലെ പാടുന്ന മഴ
ഇന്ന് പകയുടെ ഗാനം പാടുന്ന മഴയായിപ്രളയമിന്ന് മഴയുടെ
അനുരാഗമല്ല
പ്രളയമിന്ന് മഴയുടെ പകരാഗമാണ്
മനുഷ്യർ എല്ലാം ഒന്നുപോലായ
മാവേലി നാടുവാണീടും കാലമായി
തീർന്ന പ്രളയം...

പ്രളയം മനുഷ്യരെ മാറ്റിമറിച്ചു
ഭൂമിയുടെ പകതീർത്ത് പ്രളയമായി...
മാറിയപ്പോൾ...
മനുഷ്യരുടെ പകമാറി വിനയമായി
തീർന്ന ജീവിതങ്ങൾ...,
പ്രളയത്തിൻെറ നടുവിൽ
ഒറ്റപ്പെട്ടുപോയ എത്രയോ
ജീവിതങ്ങൾ...

പ്രളയത്തിൽ മുങ്ങിവിറച്ച കേരളം...
പ്രളയതതിൽ മനുഷ്യർ ഒന്നാണെന്ന
സത്യം തിരിച്ചറിഞ്ഞു...
പ്രളയം കൊണ്ടുപോയ എത്രയോ
ജീവനുകൾ...
പകച്ച് വിറച്ച് നിന്നുപോയ കേരളം
പ്രളയം ഒരു വിനയമായി
മാറിയനാളുകൾ....,



# പെയ്തൊഴിയാതെ



അങ്ങകലെ മഴയുടെ കനത്തപാളികൾ വ്യാപിച്ചിരുന്നു .അവ പിന്നീട് മുട്ടനാട്ടുകളായും പഞ്ഞിതുണ്ടുകളായും വിറുജിക്കപ്പെട്ട് ഒഴുകി നടന്നു.ആകാശത്തിൻ നിറം പുഴയുടെ ഓളങ്ങളിൽ കനത്ത കറുത്ത നിഴലുകൾ സൃഷ്യടിച്ചുകൊണ്ടിരുന്നു.വിഭജിക്കപ്പെട്ട മേഘങ്ങൾ കുടിചേർന്നു കൊണ്ടിരുന്നു.ആ പ്രവർത്തനം പുരോഗമിച്ചുകൊണ്ടിരുന്നു.പുഴയുടെ ഓളങ്ങളാണ് എന്നെ ഭയപ്പെടുത്തികൊണ്ടിരുന്നത്.അവ ഇനിയും പ്രകമ്പനം കൊണ്ട് വീടിനെ വിഴുങ്ങുമോ എന്നെനിയ്ക്ക് അറിയില്ല.കഴിഞ്ഞ ആഴ്ച്ചയാണ് അത് സംഭവിച്ചത്.പുഴയുടെ ചെറിയഓളങ്ങൾ പ്രകോപനം പൂണ്ട് കാറ്റിനോട് കൂട്ടു കൂടി,കാറ്റാണെങ്കിൽ പുഴയുടെ കോപം കൂട്ടി,പുഴയുടെ കോപം കരയെയും കരയിലെ ഞങ്ങളുടെ വീടിനെയും വിഴുങ്ങി.പുഴയുടെ കോപം അലിയാൻ ദിവസങ്ങളെടുത്തു.എന്നാൽ ആ കോപത്തിൽ ഞങ്ങളുടെ വീട് എളുപ്പം അലിഞ്ഞു തീർന്നു.ഞാനിരിക്കുന്ന തട്ടിന്റെ രണ്ടു തട്ട് മുകളിലായി പുക എരിയുന്നത് കാണുന്നുണ്ട്.അമ്മ തുടുപ്പെരിക്കുകയായിരിക്കും.കഴിഞ്ഞ തിങ്കളാഴ്ച്ച പാടത്തെ പണി കഴിഞ്ഞ് കൂലി വാങ്ങാൻ ഇറങ്ങിയതാണ് ഞാനും അമ്മയും.ടിവിയിലെ വാർത്ത കാകോണാൻ ചിറ്റയുടെ വീട്ടിൽ കയറിയതാണ്.ടിവിയിൽ

അവതാരക അറിയിപ്പ് നൽകുന്നുണ്ടായിരുന്നു."സംസ്ഥാനത്തെ ഡാമുകളുടെ സംഭരണ ശേഷിയെ ഭേദിച്ചു കൊണ്ട് ജലനിരപ്പുയർന്നിരിക്കുന്നു.മുല്ലപ്പെരിയാർ ഡാമിന്റെ ഷട്ടറുകൾ എല്ലാം തുറന്നു കഴിഞ്ഞു.ജനങ്ങൾ ജാഗ്രത പാലിക്കുക."ജാഗ്രത പാലിക്കാൻ ഇറങ്ങാൻ തുടങ്ങിയപ്പോഴേക്കും മഴതുടങ്ങിയിരുന്നു. മഴ അടങ്ങിയില്ല.ഞങ്ങൾ വീട്ടിൽ പോയുമില്ല.ചിറ്റയുടെ വീട്ടിന്റെ നടമുറിയിൽ വെള്ളം കയറിയപ്പോഴേക്കും ഞങ്ങൾ സ്കൂളിലേക്കുമാറി.അവിടെ നിന്ന് നഗരത്തിലെ കോളേജിലേയ്ക്ക്. പിന്നെ വീട്ടിൽ വരുന്നത് ഇപ്പോഴാണ്. "ഗിരിജേ,നീ അവിടെ കുത്തിഇരിയ്ക്കാതെ പറമ്പില് വല്ല പാത്രവും ഉണ്ടോ എന്ന് നോക്ക്.ഒക്കെ പുഴകൊണ്ട്പോയില്ലേ .അടുപ്പെരിയ്ക്കാൻ വിറകുകൂടിയില്ല."അമ്മ പരിഭവം പറഞ്ഞുകൊണ്ടേ ഇരുന്നു.എനിക്കൊന്നും കഴിയുമായിരുന്നില്ല. പഠിയ്ക്കാനുള്ള പുസ്തകങ്ങൾ എല്ലാം അടുക്കി ബാഗിൽ വച്ച് അമ്മയുടെ കൂടെ ഇറങ്ങുമ്പോൾ എല്ലാം ഞാൻ പുഴയെ ഏൽപ്പിച്ചതാണ്.പക്ഷെ പുഴ എല്ലാം കൊണ്ടുപോയി.തിരിച്ചുവന്നപ്പോൾ എനിയ്ക്കു തന്നത് കണ്ണീർ മാത്രം.

വീടിനടുത്തുള്ള ആരൊക്കെയോ പറഞ്ഞു ആലുവയും കുട്ടനാടും ഒക്കെ വെള്ളത്തിനടിയിലാണെന്ന്.എന്നാലും എന്തൊരു ആർത്തിയാണീ പുഴയ്ക്ക്.തിരികെ വന്നപ്പോൾ വീടിന്റെ തറയും ചുവരുമുണ്ട, മേൽക്കൂരയല്ല ടർപ്പായ കൊണ്ട് മൂടിക്കെട്ടി.ചെളികളയാൻ നിവൃത്തിയില്ലാതെ പുഴവെള്ളം ചുവന്നുകൊണ്ടുവന്ന് കഴുകിയിട്ടു ഇനി അത്താഴം വയ്ക്കാൻ പാത്രം കിട്ടണം,പറമ്പിൽ വാഴയുടെ ചോട്ടിൽ നിന്ന് ചരിവം കിട്ടി.അതുകഴുകിയെടുത്ത് അയൽപക്കത്തുകാരിയുടെ അരി വാങ്ങി തിളപ്പിക്കാൻ അടുപ്പെരിക്കുന്ന തിരക്കിലാണ് അമ്മ

എനിക്കിനി ഒന്നുമില്ല ചെയ്യാൻ, പഠിക്കാൻ പുസ്തകമില്ല,തിന്നാൻ ഭക്ഷണമില്ല,ചുമക്കാൻ കുടമില്ല,കഴുകാൻ തുണിയുമില്ല.ഞാൻ പതിയെ എഴുന്നേറ്റു തിരച്ചിൽ തുടങ്ങി.എന്തെങ്കിലും കിട്ടിയാല് മതിയായിരുന്നു

ഗിരിജേ,നീ അവിടെ എന്തെടുക്കുക-യാ.നേരം പോവണത് നീ അറിയണില്ലേ .നീ അരിവെന്തോന്ന് നോക്ക് ഞാൻ അപ്പുറത്തെ ചേച്ചീടെ അടുത്ത് ചോദിക്കട്ടെ എന്തെങ്കിലും കിട്ടാതെ ഇരിയ്ക്കില്ല.

അമ്മ പറഞ്ഞത് കൊണ്ട് ഞാൻ മുറ്റത്തെ അടുപ്പിലേയ്ക്ക് പാളിനോക്കി.അടുപ്പിന്റ അവസ്ഥ ദയനീയമായിരുന്നു അമ്മയുടെ സ്വാസം കൊണ്ടൊന്നും തീ എരിയുനില്ല.ഞാൻ പൈപ്പിൻ കരയിലേയ്ക്ക് നടന്നു.അവിടെ എന്തോ തിളങ്ങുന്നു.അത് ഒരു കണ്ണാടി കഷ്ണമായിരുന്നു.ഞാൻ ദിവസവും നോക്കിയിരുന്ന കണ്ണാടി.സന്തോഷവും സന്താപവും എല്ലാം അതിലുണ്ടായിരുന്നു.അതിൽ പ്രതിഫലിച്ചത് എന്റെ സ്വപ്നങ്ങളായിരുന്നു ,വലിയൊരു ഫാമും , താറാവുകൾ നീന്തുന്ന കുളവും, വള്ളികളും ഇലകളുമായി പൂത്തുകാച്ചുനിൽക്കുന്ന തോട്ടവും ഞാൻ വരച്ച എന്റെ സ്വപ്നങ്ങളുടെ ചിത്രങ്ങളായിരുന്നു. ഇന്നാ കണ്ണാടിയിലേക്ക് ഞാൻ നോക്കിയപ്പോൾ അതിൽ പ്രതിഫലിച്ചത് ഒരായുസ്സുകൊണ്ട് ഞാനും അമ്മയും പടുത്തുയർത്തിയ ചീട്ടുകൊട്ടാരമായ ഞങ്ങളുടെ വീടുംസ്വപ്നങ്ങളും തകർന്നതിലുള്ള നിരാശയായിരുന്നു. മുഖത്തെ തെളിച്ചം നഷ്ട്പ്പെട്ട ഞാൻ പതിയെ ചിരിക്കാൻ ശ്രമിച്ചു. കഴിഞ്ഞില്ല, തൊഴുത്തിന്റെ തറ മാത്രം അവശേഷിക്കുന്നു, നിറമേറ്റാത്ത ഒരു സ്വപ്നം കൂടി, ഒരു നിമിഷം, എനിക്ക് ക്യാമ്പിൽ വച്ച് കണ്ടുമുട്ടിയ

അനേകമാളുകളുടെ വിഷാദം കലർന്ന മുഖങ്ങൾ എന്റെ മനസ്സിലൂടെ മിന്നി മാഞ്ഞു. ചിലർക്ക് മക്കളെയും ഭർത്താവിനെയും നഷ്ട്ടപ്പെട്ടു, വീടുനഷ്ട്ടപ്പെട്ടു ,നാടും ബന്ധങ്ങലും നഷ്ട്ടപ്പെട്ടു,മനുഷ്യന്റെ ഇടപെടലിനോട് എത്ര കലുഷിതമായപ്രതികാരമാണ് പ്രകൃതി ചെയ്തത്.മലയാള ജനതയുടെ കണ്ണീരിന്റെ മഴയാണ് അവിടെ പെയ്തിറങ്ങിയത്. ആ മഴ ഇനി തോരാൻ പോകുന്നില്ല. മഴ അങ്ങനെ**നിർത്താതെ പെയ്തുകൊണ്ടിരുന്നു.**

# ബാല്യകാലസ്മരണകൾ



എന്നെ മാടിവിളിക്കുന്ന
ബാല്യം അതെൻ മനസ്സി-
നെ തൊട്ടുതലോടി
കുഞ്ഞുമനസ്സിന്റെ ആദ്യ
വിദ്യാലയമായ ഭവനം പിന്നിട്ട്
പള്ളിക്കൂടത്തിലെ ആദ്യ അക്ഷരം
വായിച്ചതും എൻ മനസ്സിൽ
ബാല്യമെന്ന പൂ വിടർന്നു
മുതിർന്നവരുടെ പരി-
ലാളനകളേറ്റ് എൻ ബാല്യം
നടന്നുനീങ്ങി പാടവും
പറമ്പും കളിസ്ഥലമാക്കി
എൻ ബാല്യം നടന്നുനീങ്ങി....
അ എന്ന അക്ഷരത്തിൽ
തുടങ്ങിയതാണെൻ ബാല്യം
കുസൃതിയും കുറുമ്പുമായി
എൻ ബാല്യം നടന്നുനീങ്ങി....
ബാല്യകാല ഓർമ്മകൾ
ഇന്നും എൻ മനസ്സിനെ
ഇളം കാറ്റുപോലെ
തഴുകിനീങ്ങിനീങ്ങുന്നു....
എൻ മനസ്സിലെമോഹ-
ങ്ങളും ഇന്നും എന്നെ തഴുകുന്നു...

ഇന്ന് അതെന്നെ
മാടിവിളിക്കുകയായ്....
ആഹ്ലാദത്തിൽ നാളുകൾ
ആമോദത്തിൻ നാളുകൾ
സന്തോഷത്തിൻ നാളുകൾ
അതാണെൻ ബാല്യം.

# നാടൻ കലകൾ

ക്ഷേത്രത്തിൻറെ ശാസ്ത്രീയ ദൃശ്യകലാരൂപമാണ് കഥകളി. രാമനാട്ടം എന്ന കല പരിഷ്കരിച്ചാണ് കഥകളി ഉണ്ടായത്. കഥകളിയിലെ വേഷങ്ങൾ പച്ച ,കത്തി, കരി, മിനുക്ക് , തഴി എന്നിവയാണ്. പതിനേഴ് പതിനെട്ട് നൂറ്റാണ്ടുകളിൽ വികസിതമായ ഈ കലാരൂപം വരേണ്യ വിഭാഗങ്ങൾക്കിടയിൽ മാത്രമൊതുങ്ങി നിന്നിരുന്നുവെങ്കിലും ഇരുപതാം നൂറ്റാണ്ടിൽ മഹാകവി വള്ളത്തോൾ അടക്കമുള്ള മഹാന്മാരുടെ ശ്രമഫലമായി ഇന്ന് ലോകപ്രശസ്തി കൈവരിച്ചു. കഥകളിയിൽ ഉപയോഗിക്കുന്ന വാദ്യങ്ങളാണ് ചെണ്ട ,മദ്ദളം, ചേങ്ങില, ഇലത്താളം, ഇടയ്ക്ക, ശംഖ് എന്നിവ. നാട്യം, നൃത്തം ,ഗീതം,

വാദ്യം എന്നിങ്ങനെ അഞ്ചു ഘടകങ്ങളുടെ സമഞ്ജസ സമ്മേളനമാണ് കഥകളി.

## തെയ്യം

ഉത്തരകേരളത്തിൽ പ്രചാരത്തിലുള്ള അനുഷ്ഠാനകലകളിൽ ഒന്നാണ് തെയ്യം. നൃത്തം ചെയ്യുന്നദേവതാസങ്കല്പമാണ് തെയ്യം. അമ്മ ദൈവങ്ങളാണ് തെയ്യങ്ങൾ.കൂടാതെ ഏതാണ്ട് നൂറ്റിരുപതോളം തെയ്യങ്ങളാണ് സാധാരണമായിട്ടുള്ളത് പർവ്വത ആരാധന വൈഷ്ണവ് ആരാധന പ്രേതാരാധന അമ്മ ദൈവാരാധന എന്നിങ്ങനെ പല ആരാധനാരീതികളുടേയും സമന്വയമാണ് തെയ്യം.

## പടയണി

*കേരളത്തിൻറെ സംസ്കാരത്തിൻറെ പ്രതീകങ്ങളിൽ ഒന്നായി ഭഗവതിക്ഷേത്രങ്ങളിൽ അവതരിപ്പിച്ചുവരുന്ന ഒരു അനുഷ്ഠാനകലയാണ് പടയണി .വിളവെടുപ്പിനോടനുബന്ധിച്ച് ആണ് ഇത് നടത്തിവരുന്നത്.*

*കവുങ്ങിൻപാളകളിൽ നിർമ്മിച്ച ചെറുതും വലുതുമായ അനേകം കോലങ്ങൾ ഏന്തി തപ്പ്, കൈമണി , ചെണ്ട തുടങ്ങിയ വാദ്യങ്ങളുടെ ശബ്ദങ്ങൾക്കിടയിൽ പന്തങ്ങളുടെയും വെളിച്ചത്തിൽ തുള്ളിയുറയുന്ന താണ് ഇതിൻറെ സാധാരണരീതി. കടമ്മനിട്ട രാമകൃഷ്ണൻ കവിതയിലൂടെപടയണിയെ ജനങ്ങളിലെത്തിക്കാൻ ശ്രമിച്ചതിനാൽ കടമ്മനിട്ട കാരുടെ കലാരൂപമായിട്ടാണ് പടയണിയെ കൂടുതലും അറിയപ്പെടുന്നത്.*

## കാക്കാരിശ്ശിനാടകം

തിരുവനന്തപുരം ജില്ലയിൽ പ്രചാരത്തിലുള്ള ഒരു ഗ്രാമീണ കലയാണ് കാക്കാരിശ്ശിനാടകം കാക്കാല നാടകം കാക്കരുകളി എന്നും ഈ കല അറിയപ്പെടുന്നു .ശിവനും പാർവതിയും കുറവനും കുറത്തിയും ആയി ഭൂമിയിൽ സഞ്ചരിച്ചു എന്ന വിശ്വാസമാണ് ഇതിൻറെ പശ്ചാത്തലം .അഭിനയം സംഗീതംഎന്നിവയുടെ ചേരുവയാണ് ഈ കല. മൃദംഗം, ഇല താളം ,ഹാർമോണിയം, ഗഞ്ചിറ തുടങ്ങിയ വാദ്യ ഉപകരണങ്ങൾ ഈ കലാരൂപത്തിന് താള് കൊഴുപ്പ് നൽകുന്നു. കാക്കരുകളി തുടങ്ങുന്നത് വന്ദനഗാനത്തോടെയാണ്. തമ്പുരാൻറെ ചോദ്യത്തിന് കാക്കാലൻ നൽകുന്ന മറുപടി കളിലൂടെ കഥ ആവിഷ്ക്കരണം നടക്കുന്നു.

## ചാക്യാർകൂത്ത്



കേരളത്തിലെഅതിപ്രാചീനമായ ഒരു രംഗകലയാണ് ചാക്യാർക്കൂത്ത്. ഏകാംഗ കലാരൂപമാണ് ഇത് ഭാസൻ തുടങ്ങിയ മഹാകവികളുടെ സംസ്കൃത നാടകങ്ങളെ ഉപജീവിച്ച് ശാസ്ത്രവിധിപ്രകാരം അഭിനയിക്കപ്പെടുന്ന കലാരൂപമാണ് ഇത്.

കൂടിയാട്ടം



ലോകപൈതൃകമായി യുനെസ്കോ അംഗീകരിച്ച ആദ്യത്തെ ഭാരതീയ കലാരൂപമാണിത് കൂടിയാട്ടം . അഭിനയ കലയ്ക്ക് പ്രാധാന്യം നൽകുന്നതിനാൽ അഭിനയത്തിന് അമ്മ എന്ന് വിശേഷിപ്പിക്കുന്നു. പ്രാചീന സംസ്കൃത നൃത്തനാടക രൂപങ്ങളിൽ ഒന്നാണിത്. പൂർണ്ണ ദിവസത്തിൽ ഒരു കൂടിയാട്ടം അവതരിപ്പിക്കാൻ 41 ദിവസം വേണ്ടിവരും.

ഓട്ടംതുള്ളൽ

കലക്കത്തു കുഞ്ചൻ നമ്പ്യാർ ആവിഷ്കരിച്ച ജനകീയകലാരൂപമാണ് ഓട്ടൻതുള്ളൽ. സാധാരണക്കാരനെ കഥകളി



എന്ന് എന്നറിയപ്പെട്ടുന്നു . നർമ്മവും ആക്ഷേപഹാസ്യവും എല്ലാം ചേർത്ത് ആകർഷകമായി രചിച്ച പാട്ടുകൾ ആകർഷകമാം വിധം ചടുലമായ അഭിനയിക്കുകയാണ് ഓട്ടംതുള്ളല് . ലളിതവേഷവും നാടോടി സ്വഭാവമുള്ള ചലനങ്ങളുമാണ് തുള്ളലിന് . മിക്കപ്പോഴും ക്ഷേത്രത്തിനു പുറത്താണ് അവതരിപ്പിക്കുന്നത് .

# ചാൾസ് ബാബേജ്



ചാൾസ് ബാബേജ് 26 ഡിസംബർ 1792-
ജനിച്ചു . ഇംഗ്ളീഷ് കമ്പ്യൂട്ടർ
ഗണിതശാസ്ത്രജ്ഞനും
തത്ത്വചിന്തകനും,കണ്ടുപിടുത്തവും മെക്കാനിക്കൽ
എഞ്ചിനിയറുമായിരുന്നു. 1792-ൽ ഇംഗ്ളണ്ടിലാണ്
ബാബേജ് ജനിച്ചത്. കുട്ടിക്കാലത്ത് അദ്ദേഹം പലതരം ട്യൂട്ടർ മാരുടെയും
സ്കൂളുകളിലുമെല്ലാം ഗണിതത്തിന്റെ
ഒരു വികസനം വികസിപ്പിച്ചെടുത്തു. ഇന്നത്തെ കമ്പ്യൂട്ടറിന്റെ ആദ്യകാല
രൂപമായി കരുതപ്പെടുന്ന അനാലിറ്റിക്കൽ എഞ്ചിൻ എന്ന
ഉപകരണത്തിന്റെ ആശയം കൊണ്ടുവരുന്നത് 1831-ൽ ആണ്. 2000-ൽ
ഇഫക്ട് എഞ്ചിനുള്ള പ്രിന്ററും നിർമ്മിച്ചു. മറ്റു മേഘലകളിലും ബാബേജ്
ശ്രദ്ധേയമായ സംഭാവനകൾ നൽകി.
ആധുനീക തപാൽ സമ്പ്രദായം ഇംഗ്ളണ്ടിൽ സ്ഥാപിക്കാൻ അദ്ദേഹം
സഹായിക്കുകയും . ആദ്യത്തെ വിശ്വസനീയമായ അക്വാറിയൽ
പട്ടികകൾ സമാഹരിക്കുകയും ചെയ്തു. ഒരു speedometer
ഉം. ലോക്കോമോട്ടീവ് caw catcher ഉം അദ്ദേഹം കണ്ടുപിടിച്ചു. ഇന്ന്
അദ്ദേഹത്തെ കമ്പ്യൂട്ടറിന്റെ പിതാവെന്ന്
സൂചിപ്പിക്കുന്നു. 18 ഒക്ടോബർ 1871 ൽ moryle bone ,ലണ്ടൻ
,ഇംഗ്ളണ്ടിൽ വച്ച് (79) അന്തരിച്ചു.

signature of → 

charles babbage




## <u>ഊർജസംരക്ഷണത്തിന്റെ പ്രാധാന്യം</u>

ഇന്ന് നമ്മുടെ ദൈനംദിന ജീവിതത്തിലെ എല്ലാവിധ പ്രവർത്തനങ്ങൾക്കും -വിളക്ക തെളിയിക്കുന്നതിന് ,മിക്സിയും ഫ്രിഡ്ജും ടിവിയും ടെലഫോണും പ്രവർത്തിപ്പിക്കുന്നതിന് വാഹനങ്ങൾ ഓടിക്കുന്നതിന് എന്നിങ്ങനെ എന്തിനും പലവിധത്തിലുള്ള ഊർജ്ജ രൂപങ്ങൾ കൂടിയേതീരൂ. എല്ലാ സുഖസൗകര്യങ്ങളും തുടർന്നും അനുഭവിക്കണമെങ്കിൽ ഊർജ്ജംസംരക്ഷിച്ചാൽ മാത്രമേ കഴിയൂ .ഊർജ്ജ സംരക്ഷണം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് നമ്മുടെ ആവശ്യങ്ങളും

സൗകര്യങ്ങളും ഉപേക്ഷിച്ച് നേട്ടമുണ്ടാക്കാൻ മാത്രമല്ല മറിച്ച് ഊർജ്ജത്തിന് ദുരുപയോഗം തടയലും മേന്മ കൂടിയ വൈദ്യുത ഉപകരണങ്ങളുടെ ഉപയോഗം വർധിപ്പിക്കലും പ്രസരണ-വിതരണ നഷ്ടം കുറയ്ക്കലും ചോർച്ച തടയലും ആണ്.

കേരളത്തിലെ ഒരുദിവസത്തെ വൈദ്യുതി ഉപയോഗം 60- 65 ദശലക്ഷം യൂണിറ്റാണ്. വേനൽകാലത്തും ഉത്സവനാളുകളിലും പ്രധാന ദിവസങ്ങളിലും ഇത് കൂടുന്നു. എന്നാൽ കേരളത്തിൽ ശരാശരി ഉൽപാദിപ്പിക്കുന്നത് മേൽപറഞ്ഞതിന്റെ 30 ശതമാനത്തിൽ താഴെ മാത്രമാണ്. ബാക്കി ആവശ്യമായി വരുന്ന വൈദ്യുതി കൂടുതൽ തുക കൊടുത്ത് കേന്ദ്ര ഗ്രിഡ്ഡിൽ നിന്നും നാം വാങ്ങുന്നു .കേന്ദ്ര ഗ്രിഡിൽ നിന്ന് ലഭിക്കുന്ന വൈദ്യുതിക്ക് കുറവു വരികയോ മറ്റേതെങ്കിലും കാരണങ്ങൾകൊണ്ട് കിട്ടാതാവുകയും ചെയ്താൽ ഇവിടെ ലോഡ് ഷെഡ്ഡിങ് ചെയ്യേണ്ടിവരുന്നു. ഇതിനെല്ലാമുപരി ഇന്ത്യയിൽ നമുക്കാവശ്യമായ വൈദ്യുതിയുടെ നല്ലൊരുപങ്കും ഏകദേശം 60 ശതമാനത്തോളം താപവൈദ്യുതി നിലയങ്ങൾ വഴിയാണ് ഉത് പാദിപ്പിക്കുന്നത്. പ്രധാനമായും കൽക്കരി നിലയങ്ങൾ .ഇവ പുറന്തള്ളുന്ന പ്രകൃതിക്ക് ഹാനികരമായ വാതകങ്ങൾ മൂലമുള്ള പാരിസ്ഥിതിക പ്രശ്നങ്ങൾ വേറെയും. ഈ സാഹചര്യങ്ങൾ കൊണ്ടുതന്നെ നമുക്ക് ലഭ്യമായ വിലപ്പെട്ട ഊർജ്ജ രൂപങ്ങൾ പരമാവധി സൂക്ഷിച്ചും സംരക്ഷിച്ചും നാം ഉപയോഗിക്കേണ്ടതുണ്ട്.



അനാവശ്യമായി പ്രവർത്തിക്കുന്ന വൈദ്യുതോപകരണങ്ങൾ

ഒഴിവാക്കുക വഴി നമുക്ക് വൈദ്യുതി ദുരുപയോഗം തടയാം.

* മേമ കൂടിയ ഉപകരണങ്ങൾ തിരഞ്ഞെടുക്കാൻ ബി ഈ ഈ സ്റ്റാർ ലേബലിംഗ്, ഐ എസ് ഐ മുദ്രയും മറ്റു സഹായിക്കുന്നു.

* പ്രസരണ-വിതരണ നഷ്ടം പൂർണ്ണമായും ഒഴിവാക്കാൻ കഴിയില്ല ഇന്ത്യയിൽ പ്രസരണ-വിതരണ നഷ്ടം ശരാശരി 30 ശതമാനമാണ് എന്നാൽ കേരളം ഈ കാര്യത്തിൽ മെച്ചമാണ് കേരളത്തിലെ പ്രസരണ-വിതരണ നഷ്ടം 16 ശതമാനമാണ് പുതിയ സബ്സ്റ്റേഷനുകൾ സ്ഥാപിച്ച് പുതിയ പ്രസരണ-വിതരണ ലൈനുകൾ നിർമ്മിച്ചും പ്രസരണ വിതരണ നഷ്ടം ഇനിയും കുറയ്ക്കാം ഇങ്ങനെ ഓരോ പ്രവർത്തനരംഗത്തും ശ്രദ്ധവച്ചാൽ ഊർജ്ജ സംരക്ഷണം നമുക്ക് ഫലപ്രദമായി നടപ്പാക്കാനാകും.

ഊർജ്ജ സംരക്ഷണം കൊണ്ടുള്ള നേട്ടങ്ങൾ

* കറണ്ട് ബില്ല് കരണ്ട് ബില്ലും കുറയ്ക്കാൻ സാധിക്കുന്നു

* മെച്ചപ്പെട്ട വോൾട്ടേജ് ലഭിക്കുന്നു

* ആയുസ്സ് വർദ്ധിക്കുന്നു വൈദ്യുത ഉപകരണങ്ങളുടെ ആയുസ്സ് വർദ്ധിക്കുന്നു

* പ്രകൃതി സംരക്ഷിക്കാൻ കഴിയുന്നു

* ഇന്ധന ഇറക്കുമതി കുറയ്ക്കാൻ സാധിക്കുന്നു

*പുതിയ വൈദ്യുതി ഉത്പാദനം നിലയങ്ങൾ സ്ഥാപിക്കാനുള്ള ബുദ്ധിമുട്ട് കുറയ്ക്കുന്നു

*നിർമ്മിക്കേണ്ടി വരുന്ന നിലയങ്ങളുടെ സ്ഥാപിതശേഷി കുറയ്ക്കുവാൻ കഴിയുന്നു

*താപവൈദ്യുത നിലയങ്ങളിൽ നിന്നും പുറംതള്ളുന്ന വാതകങ്ങൾ പ്രകൃതിക്ക് ഹാനികരം ആകുന്നതും പുതിയ ജലവൈദ്യുതി നിലയങ്ങൾ നിർമ്മിക്കുമ്പോൾ പ്രകൃതിയുടെ സന്തുലിതാവസ്ഥ നഷ്ടപ്പെടുത്തേണ്ടി വരുന്നത് കുറയ്ക്കുന്നതിന് കഴിയുന്നു

നമ്മുടെ ഇന്നത്തെ പ്രധാന വൈദ്യുതി ഉത്പാദനം ഇന്ധനങ്ങൾ ആയ കൽക്കരി, എണ്ണ, ഡീസൽ മുതലായവയുടെ സ്രോതസ്സ് കുറഞ്ഞുവരുന്നു ഓയിലും ഗ്യാസും ഏതാണ്ട് 60 കൊല്ലത്തിനുള്ളിൽ ഇല്ലാതാവും എന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. കൽക്കരി ഏതാണ്ട് 200 വർഷവും. ആണവവൈദ്യുതനിലയങ്ങൾ ഉമായി ബന്ധപ്പെട്ട ആശങ്കകൾ നിലനിൽക്കുന്നു അതിനാൽ ഇന്നു നമുക്ക് പുതിയ ഊർജ്ജ ഉൽപ്പാദനത്തെ കാളും പ്രധാനമാണ് ഊർജ്ജ സംരക്ഷണം.

നമുക്ക് കിട്ടിയ സൗഭാഗ്യങ്ങൾ നമ്മുടെ വരും തലമുറയും അനുഭവിക്കട്ടെ. പുതിയ വൈദ്യുതോൽപാദന മാർഗ്ഗങ്ങൾ കണ്ടുപിടിക്കുന്നതിനു ടൊപ്പം ഉള്ളത് ധൂർത്തടിക്കാതെ സംരക്ഷിച്ച് അവർക്കായി നമുക്ക് കരുതിവയ്ക്കാം.

## ഒരു അച്ഛൻ അദ്ധ്യാപകന് അയച്ച കത്ത്

എൻറെ മകൻ ഇന്ന് സ്കൂൾ വിദ്യാഭ്യാസം തുടങ്ങുകയാണ്.. ഇനിയുള്ളതെല്ലാം അവന് പുതുമകൾ നിറഞ്ഞതും അപരിചിതവും ആയിരിക്കും. അതുകൊണ്ട് വാൽസല്യപൂർവ്വം അവൻറെ കൈകളിൽ പിടിച്ച് അവൻ അറിയേണ്ട എല്ലാ അറിവുകളുടെയും വഴികാട്ടും അല്ലോ. ജീവിതം മുന്നോട്ടു നയിക്കാൻ ആവശ്യമായ വിശ്വാസം, സ്നേഹം ,ധൈര്യം എന്നിവ അവന് പകർന്നുനൽകണ .

ഇതുകൂടി അവനെ പഠിപ്പിക്കുക- എല്ലാ തെമ്മാടികളും പകരമായി നല്ലവർ ഉണ്ടാകും. സ്വന്തം കാര്യം മാത്രം നോക്കുന്ന എല്ലാ രാഷ്ട്രീയക്കാർക്കും പകരമായി അർപ്പണബോധമുള്ള നേതാക്കൾ ഉണ്ടാകും. എല്ലാ ശത്രുക്കൾക്കും പകരമായി സുഹൃത്തുക്കളുണ്ടാകും എന്നുകൂടി അവനെ പഠിപ്പിക്കുക.

വെറുതെ കിട്ടിയ നൂറു രൂപയേക്കാൾ ഏറെ മൂല്യമുള്ളതാണ് അധ്വാനിച്ച് നേടിയ 10 രൂപയെന്ന് കൂടി പഠിപ്പിക്കണം. തോൽവികൾ ഏറ്റുവാങ്ങാൻ പഠിപ്പിക്കണം; ഒപ്പം അഹങ്കരിക്കാതെ വിജയങ്ങൾ ആസ്വദിക്കാനും. അസൂയയിൽ നിന്ന് അകന്ന് നിൽക്കുന്നവരായിഅവൻ മാറട്ടെ പൊട്ടി ചിരിക്കാനുള്ള കഴിവുകൂടി അവനിൽ ഉണ്ടാകണം. സങ്കടപ്പെട്ട് ഇരിക്കുമ്പോഴും ചിരിക്കുന്നത് എങ്ങനെ എന്ന് പഠിപ്പിക്കുക. പക്ഷേ, കരയുന്നതിൽ നാണക്കേട് ഇല്ലെന്നു കൂടി അവൻ അറിയണം.. പുസ്തകങ്ങളുടെ വിസ്മയം അവൻ അറിയണം. അതിനൊപ്പം ആകാശത്ത് പാറി നടക്കുന്ന പക്ഷികളെയും വെയിലത്ത് മൂളിപ്പറക്കുന്ന തേനീച്ചകളെയും ഹരിത ഭംഗിയുള്ള കുന്നിൻ ചെരിവിൽ നിൽക്കുന്ന പൂക്കളെയും കാണാൻ അവന് സമയം കൊടുക്കണം.

മറ്റുള്ളവരെ വഞ്ചിക്കുന്ന തിനെക്കാൾ വളരെ നല്ല കാര്യമാണ് സ്വയം തോറ്റു കൊടുക്കുന്നത് എന്ന് പഠിപ്പിക്കണം. തെറ്റാണെന്ന്

ലോകം മുഴുവനും പറഞ്ഞാലും സ്വന്തം ആശയങ്ങളിൽ വിശ്വസിക്കാൻ അവൻ പഠിക്കട്ടെ. എല്ലാവരുടെയും വാക്കുകൾക്ക് ചെവിയോർക്കാൻ അവനെ ശീലിപ്പിക്കുക. അധ്വാനത്തിനും ആശയങ്ങൾക്കും തക്ക പ്രതിഫലം നേടാൻ അവനു കഴിയണം. പക്ഷേ, ആത്മാവിനും ഹൃദയത്തിനും വിലയിടാൻ സമ്മതിക്കരുത്.

കൂക്കി വിളിക്കുന്ന ജനക്കൂട്ടത്തിന് നേർക്ക് ചെവി കൂട്ടി അടയ്ക്കാൻ അവനു കരുത്ത് ഉണ്ടാകട്ടെ. ശരിയെന്നു തോന്നുന്ന കാര്യത്തിൽ ഉറച്ചുനിൽക്കാനും അതിനുവേണ്ടി അവനും സാധിക്കണം. എൻറെ മകനോട് അമിത ലാളന വേണ്ട. ഉരുക്കു ഉണ്ടാകുന്നത് കൊടുംചൂടിൽ ഉരുകി ആണ്. ചിലയിടങ്ങളിൽ അക്ഷമ കാട്ടാനുള്ള ധൈര്യം അവന് ഉണ്ടാകണം. സ്വന്തം കഴിവുകളിൽ ഉറച്ചവിശ്വാസം അവന് ഉണ്ടാകട്ടെ. എന്നാലേ അവനും മനുഷ്യനിൽ വിശ്വാസം ഉണ്ടാകൂ. അവൻ നല്ലൊരു മനുഷ്യനായി മാറട്ടെ.

എന്ന് സ്വന്തം,

എബ്രഹാം ലിങ്കൺ

# പ്രത്യേക ദിനങ്ങൾ

## ജൂൺ

3: ജി.ശങ്കരക്കുറുപ്പ് ദിനം

സർക്കാർ കെ.എം.പണിക്കർ(ജനനം1894)

8: സമുദ്രദിനം

5: ലോക പരിസ്ഥിതി ദിനം

15:ഉള്ളൂർ ചരമദിനം

17 : ചങ്ങമ്പുഴ ദിനം

19:വായന ദിനം

21 :യോഗദിനം,സംഗീതദിനം

26:മയക്കുമരുന്ന വിരുദ്ധദിനം

## ജൂലൈ

5:ബഷീർ ദിനം

8 :ഉറൂബ് ദിനം

11:ലോക ജനസംഖ്യാദിനം

21:ചാന്ദ്രദിനം

28

## ഓഗസ്റ്റ്

1:ലോക സുഹൃദ് ദിനം

6: നാഗസാക്കി

9:ക്വിറ്റ് ഇന്ത്യാ ദിനം

15:ഇന്ത്യൻ സ്വാതന്ത്ര്യ ദിനം

## സെപ്റ്റംബർ

5 :അധ്യാപകദിനം

8 :ലോക സാക്ഷരതാദിനം

16: ഓസോൺ പാളി സംരക്ഷണ ദിനം

20 :അന്താരാഷ്ട്ര സമാധാന ദിനം

26:ബധിര ദിനം

27:ലോക വിനോദ സഞ്ചാരദിനം

## ഒക്ടോബർ

2:ഗാന്ധി ജയന്തി

1:ലോക വൃദ്ധ ദിനം

3:ലോക പാർപ്പിക ദിനം

8:ഇന്ത്യൻ വ്യോമസേനാ ദിനം

9:ലോക തപാൽ ദിനം

10:ദേശീയ പോസ്റ്റർ ദിനം

13:പ്രകൃതി ക്ഷോഭം കുറയ്ക്കാനുള്ള ഐക്യരാഷ്ട്രദിനം

15:അന്ധദിനം

16:ലോക ഭക്ഷ്യദിനം

24:ഐക്യരാഷ്ട്രദിനം

31:ഐക്യദാർഢ്യദിനം

## നവംബർ

1:കേരളപ്പിറവി

7:സി.വി.രാമൻ ദിനം

14:ശിശുദിനം

20:കുട്ടികളുടെ  അവകാശദിനം

## ഡിസംബർ

1:ലോക എയ്ഡ്സ് ദിനം

3:ലോക വികലാംക ദിനം

4:ഇന്ത്യൻ നാവികസേനാദിനം

7:സേനാ പതാക ദിനം

**GOOGLE**

# Google

1996- സ്റ്റാൻഫഡ് യൂണിവേഴ് സിറ്റി വിത്ഥാർത്തികളായ "സെർജി ബിന്നും, ലാറി പേജും" ഒരു സെർച്ച് എൻജിനുള്ള മാതൃക നിർമിച്ചു . അതിനൊരു പേരുമിട്ടു ബാക്ക്റബ് (back rub)!.. അതായിരുന്നു ഗൂഗിളിന്റെ ആദ്യ പേര്.1998-ലാണ് ഗൂഗിൾ എന്ന പേരുള്ള പൂർണമായും പ്രവർത്തന ക്ഷമമായ സെർച്ച് എൻജിൻ അവർ നിർമിച്ചത്. Googole എന്നെഴുതിയപ്പോൾ ജോലിക്കാരന് സംഭവിച്ച പിഴവാണ് Google എന്ന പേരിന് ജൻമം നൽകി.



സെർജി ബിന്നും, ലാറി പേജും

അക്കാലത്തെ പ്രധാന സെർച്ച് എൻജിനായ yahoo-വിന് സെർജി ബിന്നും, ലാറി പേജും ചേർന്ന് google-നെ വെറും 10 ലക്ഷം ഡോളറിന് വിൽക്കാൻ ശ്രമിച്ചു.എന്നാൽ നഷ്ട്ട കച്ചവടമെന്ന പേരിൽ
അവർ അത് നിരസിച്ചു.പക്ഷെ ഇപ്പോഴത്തെ google-ൻെ മൂലം
ഏകദേശം 29 ലക്ഷം കോടി ഡോളർ......

# NETFLIX

mobilevideo streemingcombany-യാണ് netflix .ഇതിൽ video on dimand അഥവ നമുക്ക് ഇഷ്ട്ടപെട്ട
സിനിമയും മറ്റും നമുക്ക് ഇഷ്ട്ടപെട്ട സമയത്ത് നമ്മുടെ മുന്നിൽ എത്തിക്കും.പല ചാനലിലും വരുന്ന സൂപ്പർ ഹിറ്റ് പരിപാടികൾ net flix-ലെ ആപ്പിലോ ,സൈറ്റിലോ പോയി കാണാൻ കഴിയും. കൂടാതെ netflix സ്വയം സിനിമയും സീരിയലും നിർമിക്കുന്നു.

1997 ഓഗസ്റ്റ് 29-ന് Reed hastings, Marc randalfe എന്നിവർനിർമിച്ച കമ്പനിയാണ് netflix. 42000 കോടിയാണ് കമ്പനിയുടെ മൂല്യം.



Reed hastings സുംMarc randalfe ഉം



# ഓർമ്മച്ചെപ്പ്












SPIC MACAY






SPIC MACAY
"SAMSKRITI-2019"
District Administration
Cochin Shipyard

# നന്ദി